# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2726** — 06.02.2018-ലെ മറുപടി

**ഇറിഗേഷൻ വകുപ്പിന്റെ പദ്ധതിയ്ക്ക് റവന്യൂ വകുപ്പിന്റെ അംഗീകാരം**

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മാത്യു.ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ, പിഷാരിക്കൽ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗത്തെ ഭിത്തികെട്ടുവാൻ വേണ്ടി ഇറി ഗേഷൻ വകുപ്പ് തയ്യാറാക്കിയ പദ്ധതിയ്ക്ക് റവന്യൂ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ദുർഗാഭഗവതി ക്ഷേത്രത്തിന് സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തിക്കായി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ആർ.എം.എഫിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്. ഇതിൽ 95.00 മീറ്റർ നീളം സംരക്ഷിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ജില്ലാ വിദഗ്ധ സമിതി 50.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചത്. ഇതിൽ 60 മീറ്റർ നീളത്തിൽ സംരക്ഷണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംസ്ഥാനതല വിദഗ്ധ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. അവർ ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി പദ്ധതി സ്ഥലം സന്ദർശിച്ച് പരിശോധിക്കുകയും അംഗീകാരത്തിനായി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട് പ്രസ്തുത പ്രവൃത്തിക്ക് റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. |
| (ബി) പ്രസ്തുത പ്രൊപ്പോസൽ സർക്കാർ തലത്തിലുള്ള കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) സർക്കാർ തലത്തിലുള്ള കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**